പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1904 | 17.03.2015-ൽ മറുപടിക്ക്.

## പോലീസ് സ്റ്റേഷനുകളിൽ നിന്ന് മെച്ചപ്പെട്ട സേവനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്. തോമസ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | : (എ) മെച്ചപ്പെട്ട സേവനമാണ് പോലീസ് സ്റ്റേഷനുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകി വരുന്നത്. |
| (ബി) പോലീസ് സ്റ്റേഷനുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാക്കുമോ എന്ന് വ്യക്തമാക്കാമോ; | : (ബി) പോലീസ് സ്റ്റേഷനുകളിൽ ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് മേലുദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശോധനകളും, നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. ഇതുകൂടാതെ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ വഴിയും, അടിയന്തിര പരിശോധനകളും നടത്തിയും, ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ട്. |
| (സി) പോലീസ് സ്റ്റേഷനുകളിലെത്തുന്ന പരാതിക്കാർക്ക് ലഭിക്കുന്ന സേവനം സംബന്ധിച്ച് അവരുടെ അഭിപ്രായം ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | : (സി) പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള Complaint/Suggestion ബുക്കിൽ പരാതിക്കാർക്ക് പരാതികളും, അഭിപ്രായങ്ങളും രേഖപ്പെടുത്തുവാനുള്ള അവസരം നിലവിലുണ്ട്. പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന പരാതികാർക്ക് അവിടെ ലഭിയ്ക്കുന്ന സേവനങ്ങളെ കുറിച്ച് പരാതിയുണ്ടെങ്കിൽ SHO മാരെയോ, ഉയർന്ന ഉദ്യോഗസ്ഥരെയോ അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ